# എല്ലാവർക്കും മോശമായ ദിവസം ഇപ്പോഴും പിന്നീടും ഉണ്ട്

(ലൂക്കോസ് 10:38- 42)

എല്ലാവർക്കും മോശമായ ദിവസം ഇപ്പോഴും പിന്നീടും ഉണ്ട്. കുറച്ചു നാളുകൾക്കു മുമ്പ് ഒരു നിർമ്മാണ പ്രവർത്തകനു വളരെ മോശമായ ദിവസമായിരുന്നു. അവനു നേരിടേണ്ടി വന്ന ഒരു കമ്പനി അപകടത്തിന്റെ വിവരണരീതി കമ്പനി ഫോറത്തിൽ എഴുതിയിരുന്നത് ഇങ്ങനെയാണ്:

> ഞാൻ കെട്ടിടത്തിൽ പ്രവേശിച്ചപ്പോൾ കൊടുങ്കാറ്റിൽ കെട്ടിടത്തിന്റെ മുകളിലെ ഏതാനും ഇഷ്ടികകൾ ഇളകി വരുന്നതായി കണ്ടു. അതുകൊണ്ട് ഞാൻ കെട്ടിടത്തിന്റെ മുകളിൽ ഉള്ള ഒരു ബീമിൽ കപ്പി കെട്ടി, രണ്ടു ബാരലുകളിൽ നിറയെ ഇഷ്ടികകൾ കയറ്റി. കേടു വന്ന കെട്ടിടഭാഗം ഞാൻ ശരിയാ ക്കികഴിഞ്ഞപ്പോൾ ധാരാളം ഇഷ്ടികകൾ മിച്ചം വന്നു. പിന്നെ ഞാൻ താഴെ ചെന്നുകയർ അയച്ചു വിടാൻ തുടങ്ങി. ബാരലിലെ ഇഷ്ടികകൾ എന്നേക്കാൾ ഘനമുണ്ടായിരുന്നു. എന്തു സംഭവിക്കുന്നു എന്നു ഞാൻ അറിയുന്നതിനു മുൻപു ബാരലും ഇഷ്ടികകളും താഴേക്കുവരാൻ തുടങ്ങി, എന്നെ കുലുക്കി മുകളിലേക്കുയർത്തി.
>
> പെട്ടെന്ന് ചാടാൻ കഴിയാതിരുന്നതുകൊണ്ടും കൂടുതൽ ഉയരത്തി ലേക്കു പെട്ടെന്ന് പൊങ്ങിയതുകൊണ്ടും പകുതി വഴിയിൽ എത്തിയപ്പോൾ ഇഷ്ടിക നിറഞ്ഞ ബാരൽ അതിവേഗത്തിൽ വരുന്നതു ഞാൻ കണ്ടു. എന്റെ തോളിൽ അതു വന്നു ആഞ്ഞടിച്ചു.

ഞാൻ മുകളിലേക്കു ഉയർന്നുകൊണ്ടിരുന്നു. എന്റെ തല ബീമിൽ ചെന്നുമുട്ടി. എന്റെ വിരലുകൾ കപ്പിയിൽ ഞെരുങ്ങുകയും മുറിയുകയും ചെയ്തു. ബാരൽ തറയിൽ ആദ്യം പതിച്ചപ്പോൾ – അതിന്റെ അടിഭാഗം പൊട്ടിപോകുകയും ഇഷ്ടികകൾ തെറിച്ചുപോകുകയും ചെയ്തു.

ഇപ്പോൾ എനിക്കാണ് ബാരലിനേക്കാൾ ഘനം. അതു കൊണ്ടു ഞാൻ അതിവേഗത്തിൽ താഴേക്കു പതിക്കുവാൻ തുടങ്ങി. താഴേക്കുള്ള പകുതി വഴി യിൽ എത്തിയപ്പോൾ അതിവേഗത്തിൽ വന്ന ബാരൽ എന്റെ കണങ്കാലുകളിൽ നിരവധി മുറിവുകൾ ഉണ്ടാക്കി. ഞാൻ തറയിൽ വീണപ്പോൾ ചിതറിക്കിടന്ന ഇഷ്ടി കകളുടെ പുറത്താണ് ചെന്നു വീണത്. അതു എന്നിൽ ആഴത്തിലുള്ള മുറിവുകളും ഉണ്ടാക്കി. ഈ സമയത്തു എന്റെ ബോധം കെട്ടതു കാരണം കയറിൽ നിന്നു എന്റെ പിടിവിട്ടുപോയിരുന്നു. ബാരൽ അതിവേഗത്തിൽ താഴേക്കു വീണ്ടും വന്നു എന്റെ തലയിൽ പതിച്ചു. അങ്ങനെ ഞാൻ ആശുപത്രിയിലായി.

അതുകൊണ്ടു ഞാൻ ബഹുമാനത്തോടെ ലീവിന്നപേക്ഷിക്കുന്നു.

ഈ ജോലിക്കാരനെ എനിക്കു തിരിച്ചറിയാൻ കഴിയും! നാം ആരായാലും ശരി, നമുക്കു ഇന്നും പിന്നെയും ഒരു മോശമായ ദിനം ഉണ്ടാകും. ഒരു വ്യത്യാസവുമില്ല.

നാം ബൈബിളിലൂടെ കണ്ണോടിക്കുമ്പോൾ അനേക വ്യക്തികളുടെ ഛായാചിത്രം നമുക്കു കാണാം. അവരുടെ ജീവിത ത്തിൽ മരവിച്ച സമയങ്ങൾ ഉണ്ടായിരുന്നതായി ദൈവശ്വാസിയ എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആളുകളുടെ ഇഷ്ടമനുസരിച്ചല്ല ആ നിമിഷങ്ങളെക്കുറിച്ച് എഴുത്തുകാർ എഴുതിയത്. അതെങ്ങനെ സംഭവിച്ചു എന്നു നമുക്കറിയാൻ കഴിയും. നമുക്കെല്ലാവർക്കും മോശമായ ഫോട്ടോ – അല്ലെങ്കിൽ രണ്ടുപ്രാവശ്യം എടു ക്കേണ്ടി വന്നിരിക്കാം – അതു ചിലപ്പോൾ ഡ്രൈവിംഗ് ലൈസൻസ് ആകാം അല്ലെങ്കിൽ പാസ്പോർട്ട് ആകാം.[1]

ലൂക്കൊസ് 10–ാം അദ്ധ്യായത്തിൽ നിന്നു എടുത്തിരിക്കുന്ന ഈ പാഠത്തിൽ നാം മാർത്തയുടെ – ചിത്രമാണ് പഠിക്കുന്നത്. അവൾക്കു മോശമായ ഒരു ദിവസം ഉണ്ടായപ്പോൾ.

മാർത്തയെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്താണ് നിങ്ങളുടെ മനസ്സിൽ കടന്നുവരുന്നത്? മറിയയുടേയും ലാസറിന്റേയും സഹോ ദരി എന്നാണോ? അവൾ യേശുവിനോടു പറഞ്ഞ നിമിഷത്തെക്കു റിച്ചു ചിന്തിക്കുന്നുണ്ടോ? ''അവൾ അവനോടു; ഉവ്വ് കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുപോയി''

(യോഹന്നാൻ 11:27)? ഇതു പുതിയ നിയമത്തിലെ ഏറ്റവും വലിയ ഏറ്റു പറച്ചിൽ ആണ്. പത്രൊസ് പറഞ്ഞതുപോലെ മത്തായി 16:16. യോഹന്നാൻ 12-ാം അദ്ധ്യായത്തിൽ തന്റെ സഹോദരി, സഹോദരൻ എന്നിവരോടൊപ്പം യേശുവുമായുള്ള കൂട്ടായ്മ ആസ്വദിക്കാൻ അവൾക്കു കഴിഞ്ഞു എന്നു നിങ്ങൾ കരുതുന്നുണ്ടോ? ഞാൻ ഊഹിക്കുന്നതു, മാർത്തയുടെ പേര് കേൾക്കുമ്പോൾ നമ്മിൽ മിക്കവരും ഈ ഉയർന്ന വസ്തുത മാർത്തയുടെ ജീവിതി ത്തിലുണ്ടെന്നു കരുതുകയില്ല എന്നാണ്. എന്നാൽ ലൂക്കൊസ് 10-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയ താഴ്ന്ന കാര്യമേ കാണു കയുള്ളൂ "മാർത്തക്കു ഒരു മോശമായ ദിനം ഉണ്ടായപ്പോൾ."

## മാർത്തക്കു ഒരു മോശമായ ദിനം ഉണ്ടായപ്പോൾ

### ഒരു ദിവസം ശ്രദ്ധേയമായി ആരംഭിച്ചു (വാക്യം 38, 39)

ഒരു ദിവസം ശ്രദ്ധേയമായി ആരംഭിച്ചു. നമ്മുടെ വേദഭാഗം ആരംഭിക്കുന്നതു, "പിന്നെ അവർ യാത്ര പോകയിൽ" എന്നു പറഞ്ഞു കൊണ്ടാണ് (വാക്യം 38) ''അവർ എന്നു പറഞ്ഞിരിക്കുന്നതു യേശുവിനെയും അപ്പൊസ്തലന്മാരെയും ഉദ്ദേശിച്ചാണ്'' പാലസ്തീനിലെ യേശുവിന്റെ ശുശ്രൂഷയുടെ അവസാനഘട്ടത്തി ലാണ് ഇതു സംഭവിക്കുന്നത്. യെരുശലേമിലേക്കുള്ള അവന്റെ ഒരു യാത്രാസമയമായിരുന്നു. "അവൻ ഒരു ഗ്രാമത്തിൽ എത്തി" (വാക്യം 38). യെരുശലേമിൽ നിന്നു രണ്ടു നാഴികയിൽ താഴെ ദൂരമുള്ള ഒലിവുമലയുടെ പൂർവ്വദിക്കിൽ സ്ഥിതിചെയ്യുന്ന ബേഥാന്യയായിരുന്നു അത് (യോഹന്നാൻ 11). യേശു യെരുശലേമിലേക്കു പോകുമ്പോൾ പലപ്പോഴും - അവൻ ബേഥാന്യയിൽഇടക്കുയാത്ര - നിർത്തുമായിരുന്നു.

''മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു" (വാക്യം 38). മൂന്നു മക്കളിൽ മൂത്തവൾ ആയിരുന്നിരിക്കാം മാർത്ത - രണ്ടു സഹോദരിമാരും ഒരു സഹോദരനും ഒരുപക്ഷേ വീടു അവളുടേതായിരിക്കാം. മറ്റൊരു തർജ്ജിമ പറയുന്നതു "മാർത്ത അവളുടെ വീട് അവനു തുറന്നിട്ടു." എന്നാൽ അവൾ അതിഥിസൽക്കാരത്തിനു മാതൃകയായിരുന്നു.

ലൂക്കൊസ് കഥ ചുരുക്കിയാണ് പ്രകടമാക്കുന്നത്. ഉദാഹരണമായി അവിടെ ഒരുപക്ഷേ ഉണ്ടായേക്കാമായിരുന്ന ലാസറിനെപ്പറ്റി പറയുന്നില്ല. യേശുവിനോടുകൂടെ യാത്ര ചെയ്ത അപ്പൊസ്തലന്മാരെപ്പറ്റിയും പറയുന്നില്ല. യേശുവിനെ ഭക്ഷണത്തിനു ക്ഷണിച്ചപ്പോൾ അവർ എവിടെ പോയി. ഈ സംഭവത്തിനുശേഷ മുള്ള വാക്യത്തിൽ അവരെക്കുറിച്ചു പറയുന്നുണ്ട് (ലൂക്കൊസ് 11:1); അതുകൊണ്ട് അവർ

ദൂരെ പോയിരിക്കില്ല മാർത്ത തന്റെ വീട്ടിലേക്കു ക്ഷണിച്ചിരിക്കാം.[2] ലൂക്കൊസ് 10-ൽ വിവരിച്ചിരിക്കുന്നത് അനുസരിച്ച് ഭക്ഷണത്തിനു *പതിനാറു*പേരെ ക്ഷണിച്ചിരിക്കാം, നിങ്ങൾ ഒരു സ്ത്രീ ആണെങ്കിൽ മാർത്തക്കു മോശമായ ഒരു ദിനമായി രുന്നു എന്നു കേൾക്കുമ്പോൾ സംശയിക്കാതെ പറയും[3] പതിനാറു പേർക്കുള്ള ഭക്ഷണം തയ്യാറാക്കുക എളുപ്പമുള്ള കാര്യമല്ലെന്ന്!

യേശു തന്റെ സ്നേഹിതന്മാരോടൊപ്പം ഒരു ഭവനം സന്ദർ ശിക്കുന്ന രംഗത്തോടുകൂടി കഥ ആരംഭിക്കുകയാണ്. യേശു ഒരിക്കൽ പറഞ്ഞു, ''കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറ വകൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തല ചായ്പ്പാനിടമില്ല" (മത്തായി 8:20). സുവിശേഷം നിമിത്തം വീടുകളെ വിട്ടു കളയുന്നവർക്കു *നൂറു* മടങ്ങു വീടുകൾ ലഭിക്കുമെന്നു യേശു ശിഷ്യന്മാരോടു പറഞ്ഞു (മർക്കൊസ 10:29, 30). അതുകൊണ്ട്, യേശുവിനുവീടുകൾ സ്വന്തമായിട്ടുണ്ടായിരുന്നില്ലെങ്കിലും, പാലസ്തീനിൽ *ധാരാളം* വീടുകൾ ചിതറികിടപ്പുണ്ടായിരുന്നു, കഫർന്നഹൂമിലെ പത്രൊസിന്റെ അമ്മായിയമ്മയുടെ വീട്, ബേഥാന്യയിലെ മാർത്തയുടെ വീട് എന്നിവ അവയിൽ ചിലതാണ്.

"അവൾക്കു മറിയ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു, അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു അവന്റെ വചനം കേട്ടു കൊണ്ടിരുന്നു'' (വാക്യം 39). ''കാൽക്കൽ ഇരിക്കുക'' എന്നതു പ്രത്യേകിച്ചു പഠിപ്പിക്കുന്ന വ്യക്തിയെ സംബന്ധിച്ച് രണ്ടു പ്രത്യേക തകൾ ഉണ്ട്. മറിയ ചെയ്തതുപോലെ, ഒരു ശിഷ്യൻ സാധാരണ പഠിപ്പിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുന്നു. മറ്റൊന്ന് ആലങ്കാരികമായി ഗുരുവിന്റെ ശിഷ്യനെ പോലെ കാൽക്കീഴിലിരുന്നു; എന്ന പ്രത്യേകതയും കാണിക്കുന്നു. "ഗമാലിയേലിന്റെ കാൽക്കീഴിൽ ഇരു ന്നു പഠിച്ചവനായിരുന്നു ..." പൗലൊസ് എന്നു അവൻ വ്യക്തമാക്കി യിട്ടുണ്ട് (പ്രവൃത്തി 22:3; കെ.ജെ.വി).[4] മറിയയെ നോക്കുമ്പോൾ; ബൈബിൾ സംബന്ധമായ ചിത്രം, ഓരോ സമയത്തും അവൾ യേശുവിന്റെ കാൽക്കൽ ആണ്. ലാസർ മരിച്ചപ്പോൾ മറിയ യേശു വിന്റെ കാൽക്കൽ വീണു കരഞ്ഞു (യോഹന്നാൻ 11:32). തുടർന്നു നടന്ന ബേഥാന്യയിലെ ഒരു വിരുന്നിൽ മറിയ കുനിഞ്ഞു യേശുവിന്റെ കാലിൽ തൈലം പൂശി (യോഹന്നാൻ 12:3). റബ്ബിമാർ സ്ത്രീകളെ അവരുടെ കാൽക്കൽ ഇരിക്കുവാൻ സമ്മതിക്കാറില്ല; അനേകർ കരുതിയിരുന്നതു സ്ത്രീകൾ പഠിക്കുവാൻ കഴിവില്ലാത്തവർ എന്നായിരുന്നു. യേശു തന്റെ കാലയളവിലെ ദുരഭിമാനത്തെ കണ ക്കിലെടുത്തില്ല. അങ്ങനെ മറിയ യേശുവിന്റെ കാൽക്കൽ ഇരുന്നു അവനിൽ നിന്നു കേട്ടു പഠിച്ചുകൊണ്ടിരുന്നു.

ഒലിവുമലയുടെ പൂർവ്വദിക്കിൽ ഒരു ചെറിയ വീട്ടിലേക്കു

യാത്രതിരിക്കുക. നിങ്ങൾ യേശുവിന്റെ കാൽക്കൽ ഇരുന്നു കേൾക്കുന്നു. പെട്ടെന്നു ആസ്വദിച്ചുപോകുന്ന വായിൽ വെള്ളമൂറുന്ന രുചിയായ ഭക്ഷണത്തിന്റെ ഗന്ധം വായുവിൽ പരക്കുന്നു. (ആ പ്രദേശത്തെ എല്ലാവർക്കും അറിയാം മാർത്ത നല്ല പാചകക്കാരിയാണെന്ന്!) അതൊരു വശ്യരംഗം തന്നെയാണ് ആത്മീകവും ഭൗതികവുമായി സങ്കലിതമായ മേഖല. മനോഹരമായ ദിവസമായിരുന്നു അത്!

നമ്മുടെ മനോഭാവം ശരിയാണെങ്കിൽ, *എല്ലാ ദിവസവും* പ്രത്യേകതയുള്ളതായിത്തീരും. "ഇതു യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക" (സങ്കീർത്തനങ്ങൾ 118:24). മാർത്തയെ പോലെ, നമുക്കും, യേശുവിനെ നമ്മുടെ ജീവിതത്തിലേക്കും ഭവനത്തിലേക്കും ക്ഷണിച്ചു അവനുമായി കൂട്ടായ്മ ആചരിക്കാം. അവൻ പറഞ്ഞു, "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്നു, അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും'' (വെളിപ്പാട് 3:20) ഏതു ദിവസമായാലും, *ഈ* ദിവസമായാലും, എനിക്കും നിങ്ങൾക്കും മഹത്തായതായിരിക്കും!

**കുഴഞ്ഞിയതായ ഒരു ദിവസം (വാക്യം 40)**

40-ാം വാക്യത്തിൽ മാർത്തയുടെ ദിവസം കുഴഞ്ഞിയതായിരുന്നു. മറ്റൊരു തർജ്ജിമ പറയുന്നത്: ''എന്നാൽ മാർത്ത അധിക ശുശ്രൂഷയാൽ ഭാരപ്പെട്ടിരിക്കുന്നു" എന്നാണ് (വാക്യം.40). വേറൊരു തർജ്ജിമ ഇപ്രകാരമാണ്, ''മാർത്തയോ തന്റെ എല്ലാ തയ്യാറെടുപ്പിനാലും മനസു പതറിയിരുന്നു''[5] ഗ്രീക്ക് ഭാഷയിലെ "ഭാരപ്പെട്ടിരിക്കുന്നു," "പതറിയിരിക്കുന്നു" എന്നീ ക്രിയാപദങ്ങൾ പരിഭാഷപ്പെടുത്തിയിരിക്കു ന്നതിന്റെ അർത്ഥം, ''അവളുടെ ശ്രദ്ധമാറിപോകാനിടയായി" എന്നാണ്.

മാർത്തയുടെ വീടിന്നു ഒരുപക്ഷേ ഒരു മുറിയേ ഉണ്ടായിരുന്നിരിക്കയുള്ളൂ. (അക്കാലത്തു അധികം വീടുകളും ഒറ്റ മുറിയുള്ള വീടുകളാണ്). ആ മുറിയുടെ ഒരു മൂലയിൽ യേശു മറിയയോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. മറ്റൊരു മൂലയിൽ മാർത്ത പാചകം ചെയ്തു കൊണ്ടിരിക്കുന്നു.[6] ഇനി ആ വീടിനു ഒന്നിലധികം മുറികൾ ഉണ്ടെങ്കിൽ തന്നെ യേശു ഇരിക്കുന്ന മുറിയും മാർത്ത ഇരിക്കുന്ന മുറിയും തമ്മിലുള്ള അകലം കുറവായിരിക്കും. മാർത്ത പാചകം ചെയ്തുകൊണ്ടിരുന്നപ്പോൾ അവൾക്കു യേശുവിനെ ശ്രദ്ധിക്കാമായിരുന്നു. "പക്ഷേ മാർത്തയുടെ മനസു പതറിയിരുന്നു, അവളുടെ മനസു വ്യതിചലിച്ചിരുന്നു."

നമ്മിൽ പലർക്കും മാർത്തയെ തിരിച്ചറിയാം. നാം ബൈ ബിൾ ക്ലാസിലോ ആരാധനയിലോ ആയിരിക്കാം; ദൈവവചനം

പ്രഖ്യാപിക്കപ്പെടുന്നു. പക്ഷെ നമ്മുടെ മനസ്സുകൾ മറ്റു കാര്യങ്ങളി ലേക്കു വ്യതിചലിച്ചുപോകുന്നു. ചില വിഷയങ്ങളിൽ നമ്മുടെ ചിന്ത മാർത്ത ചെയ്തതു പോലെ ഉച്ചക്കു ഭക്ഷണത്തിനു എന്താണ് വേണ്ടതതെന്ന് പരതി നടക്കുവാൻ നാം അനുവദിച്ചു![7]

ഒരു തർജ്ജിമ പറയുന്നതു ''എല്ലാ തയ്യാറെടുപ്പുകളും നട ത്തേണ്ടിയിരുന്നതുകൊണ്ട് മാർത്ത പതറി പോയിരുന്നു." (എംഫസിസ് മൈൻ) അവളുടെ മനസിൽ "ഒരുക്കേണ്ടതിനെ" ക്കുറിച്ചായിരുന്നു. യേശു അവ രോടു വിരുന്നൊരുക്കാൻ ആവശ്യപ്പെട്ട ഒരു സൂചനയുമില്ല. അല്ലെങ്കിൽ അവൻ അതു പ്രതീക്ഷിച്ചതുമല്ല. മാർത്ത വിചാരിച്ചതു വിരു ന്ന് ഒരുക്കൽ *തീർച്ചയായും* ചെയ്യേണ്ടതാണ് എന്നാണ്.[8] അകാരണ മായ പ്രതീക്ഷകളോടെയാണ് പലപ്പോഴും നമ്മുടെ മോശമായ ദിനം ആരംഭിക്കുന്നത് – മറ്റുള്ളവരുടെ മനസ്സിൽ അല്ല, നമ്മുടെ മനസ്സിൽ. മാർത്തയുടെ ഉദ്ദേശം നല്ലതായിരുന്നു എന്നാണ് ഞാൻ കരുതു ന്നത്. യേശുവിന്നു അവൾ ഒരു വിരുന്നൊരുക്കാൻ തീരുമാനിച്ചു. അവൾക്കു കൊടുക്കാൻ കഴിയുന്നതിൽ വെച്ച് ഏറ്റവും നല്ല വിരുന്നു യേശുവിനു കൊടുക്കാൻ ഒരുക്കിയതു, യേശുവിനെ അവൾ മാനിച്ചതുകൊണ്ടാണ്. എങ്ങനെയായാലും ആഹാരം "തയ്യാറാക്കുന്നതു" മോശമായ *കാര്യമല്ല*.[9]

അങ്ങനെ ചെയ്യേണ്ടതാണെന്നു അവൾ *വിചാരിച്ചതു* കൊണ്ടു അവൾ യേശുവിന്റെ അടുക്കൽ വന്നു പറഞ്ഞു, "മാർത്ത യോ വളരെ ശുശ്രൂഷയാൽ കുഴങ്ങീട്ടു അടുക്കെവന്നു കർത്താവേ, എന്റെ സഹോദരി ശുശ്രൂഷക്കു എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയോ എന്നു പറഞ്ഞു'' (വാക്യം 40). ഒരു തർജ്ജിമ പറയുന്നതു, "എന്റെ സഹോദരി എന്നെ തനിച്ചു ജോലിക്കായി വിട്ടു!" എന്നാണ്. ഞാൻ ഊഹിക്കുന്നത്, മാർത്ത മറിയക്കു ഇതിനാൽ ചില ''നിഗൂഢ സൂചനകൾ'' നല്കിയിരുന്നിരിക്കും, അവൾ പാത്രങ്ങൾ കൊണ്ടു ശബ്ദമുണ്ടാക്കുന്നുതു എനിക്കു കാണാം. ചെറിയ അലമാരിയുടെ വാതിലുകൾ വലിച്ചടച്ചിരിക്കാം. മറിയ യുടെ നേർക്കു അർത്ഥം വെച്ചു നോക്കികാണും. അവൾ അത്ഭു തപ്പെട്ടേക്കാം, "ഈ ആഹാരം എനിക്ക് എപ്പോൾ മേശമേൽ വെക്കാൻ കഴിയും?"[10] മറിയ അവളെ ഗൗനിച്ചില്ല. മറിയ യേശു ക്രിസ്തു പറയുന്നതു മുഴുവൻ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നതിനാൽ ഒരുപക്ഷേ മാർത്തയുടെ ശബ്ദം അവൾ കേട്ടിരിക്കയില്ല.

ഒരുപക്ഷേ സ്തീകളായ നിങ്ങൾക്കു ഈ രംഗം തിരിച്ചറി യാൻ കഴിയും. വീടു നിറയെ ബന്ധുക്കൾ വന്നിരിക്കുന്നു[11] അവർ സ്വീകരണമുറിയിൽ ഇരുന്നു സംസാരിക്കയും ചിരിക്കയും ചെയ്യു ന്നു. അതേ സമയം നിങ്ങൾ ഒരു അടിമയെപ്പോലെ അടുക്കളയിൽ ജോലി ചെയ്യുന്നു. നിങ്ങൾ ഉള്ളിൽ തിളച്ചുമറിയുമ്പോൾ, നിങ്ങൾ വിചാരിക്കും, "എന്തു കൊണ്ടു *ആർക്കെങ്കിലും* വന്നു എന്നെ സഹായിച്ചുകൂടാ?"

മാർത്തക്കു ക്ഷമ കെട്ടു, അതുകൊണ്ടു അവളുടെ പരാതിയുമായി യേശുവിന്റെ അടുക്കൽ എത്തി. "കർത്താവേ," അവൾ നിലവിളിച്ചു. "നിനക്കു വിചാരമില്ലയോ?" ഞങ്ങളെല്ലാം അവിടെയാ യിരുന്നു. ഞങ്ങൾക്കു മോശമായ ദിനമായിരുന്നു. ഞങ്ങൾ പദ്ധതി തയ്യാറാക്കിയതു പോലെ ഒന്നും ശരിയാകുന്നില്ല. നാം ശ്രദ്ധിച്ചി ല്ലെങ്കിൽ, മാർത്ത ചെയ്ത കെണിയിൽ അകപ്പെടാനിടയുണ്ട്. മാർത്ത പറഞ്ഞു, "യേശുവേ, എനിക്കു ഈ പ്രശ്നങ്ങൾ എല്ലാം ഉണ്ട് *നിനക്കു വിചാരമില്ലയോ ...?"*[12]

"കർത്താവേ," മാർത്ത പറഞ്ഞു, "എന്റെ സഹോദരി സൽക്കാരം എന്നിൽ മാത്രമായി വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയോ?" "എന്നെ വിട്ടിരിക്കുന്നു" എന്നതു സൂചിപ്പിക്കുന്നതു മറിയ ഒരു പക്ഷെ മാർത്തയെ സഹായിച്ചു*കൊണ്ടിരുന്നിട്ട്* (നമ്മൾ പറയും) വിട്ടേച്ചു യേശുവിനെ സന്തോഷിപ്പിക്കുന്നതിനു - യേശുവിനെ സ്വീകരിച്ച്, അവനോടൊപ്പം വീട്ടിലേക്ക് കയറേണ്ടതിന്നുപോയി. ഒരു നല്ല ആതിഥേയ അതിഥിയെ സ്വീകരിച്ചു അതിഥിയോടൊപ്പം വീട്ടിലേക്ക് കയറുക എന്നതു ആഹാരം അതിഥിക്കു പാചകം ചെയ്യുക എന്ന തിനോടു തുല്യമാണ്. ആ ചിന്ത മാർത്തയിലുണ്ടായില്ല. എങ്ങനെയായാലും അവൾക്കു ചൂടേറ്റു, ക്ഷീണിച്ചു, അസന്തുഷ്ടയായി, അവൾ മേശ ഒരുക്കുന്നതിനിടയിൽ സലാഡിന്റെ ജോലി ആരെ ങ്കിലും വന്നു തീർക്കുവാൻ അവൾ ആഗ്രഹിച്ചു. "കർത്താവേ, ... അവളോടു എന്നെ സഹായിപ്പാൻ കൽപ്പിച്ചാലും" (ഒരു പക്ഷേ ഞങ്ങളുടെ കുട്ടികൾ വന്ന്, '*'അവളോട് ഒന്ന് പോകാൻ പറയണം* മമ്മി" അല്ലെങ്കിൽ "*അവനോട് ഒന്ന് പോകാൻ പറയണം* പപ്പ'' എന്ന് പറഞ്ഞേക്കാം) മാർത്ത, മറിയയെ മാത്രമല്ല; യേശുവിനേയും ശാസിക്കുകയായിരുന്നു!

മാർത്തയുടെ ആ നല്ല ദിവസം മോശമായതെങ്ങനെ എന്ന് എല്ലാം എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷേ ഇറച്ചിയിൽ വെള്ളം വറ്റിക്കാണും; അല്ലെങ്കിൽ കേക്ക് തറയിൽ വീണു കാണും. ഒരുപക്ഷേ ബിസ്ക്കറ്റ് കരിഞ്ഞു പോയിരിക്കാം. അതിലെല്ലാമുപരി അവൾക്കു നല്ല തലവേദന ഉണ്ടായിരുന്നിരിക്കാം. എന്തു സംഭവിച്ചു എന്നു കണക്കാക്കാതെ പരാതിപ്പെട്ടുകൊണ്ട് മാർത്ത ആ ദിനത്തെ മോശമാക്കി എന്നു എനിക്കറിയാം. അതു നിങ്ങൾക്കു എപ്പോഴെങ്കിലും സംഭവിച്ചിട്ടുണ്ടോ? തല തിരിഞ്ഞ എന്തെങ്കിലും കാരണങ്ങൾ കൊണ്ടു നമുക്കു മോശമായ ദിനം ഉണ്ടാകുമ്പോൾ നമുക്കു ചുറ്റുമുള്ള എല്ലാവർക്കും മോശമായ ദിനം ഉണ്ടാകും എന്നു പല പ്പോഴും ചിന്തിക്കുക.

നാം സന്തോഷമായിരിക്കുന്ന ഒരു കുടുംബരംഗത്തോടെയാണ് ആരംഭിച്ചത് യേശു ദൈവവചനം പഠിപ്പിക്കുന്നു, മറിയ അവന്റെ കാൽക്കീഴിൽ ഇരിക്കുന്നു, ആഹാരം പാചകം ചെയ്യുന്ന സുഗ ന്ധം -

ഒരു നല്ല ദിവസം, പിന്നെ ആ ദിവസം മാർത്തയുടെ വീട് - രൂക്ഷമായ, മ്ലാനതയുള്ള ഒന്നായി മാറി. കാരണം മാർത്ത അത്യധി കമായി വിചാരപ്പെട്ടിരുന്നു. അതും അപ്രധാനകാര്യങ്ങളെക്കുറിച്ച്.

നല്ല ദിവസം മോശമാക്കുവാൻ ഒരു പ്രയാസവുമില്ല. അല്പം ക്ഷമയില്ലായ്മ മാത്രം മതി ... ചില സ്വയാനുകമ്പ ... ചിന്തിക്കാതെ പറയുന്ന ചില വാക്കുകൾ. മാർത്ത ചെയ്തതു പോലെ പരാതിപ്പെടുവാൻ നാം വായ് തുറക്കുമ്പോൾ, ആ സന്തോ ഷദിനം സന്താപദിനമായി മാറുന്നു.

**ഒരു മോശമായ ദിനം - പിന്നെ നന്നാവുന്നു (വാക്യം 41, 42)**

കുറച്ചു സമയത്തേക്കു ആ ദിവസം മോശമായി മാറി. മാർത്ത യേശുവിനെ ശാസിച്ചു; ഇപ്പോൾ അവൾ ശാസിക്കപ്പെടേണ്ടിവരുന്നു.

> കർത്താവു അവളോടു: ''മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. എന്നാൽ അല്പമേ വേണ്ടു; അല്ല, ഒന്നു മതി, മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു: അതു ആരും അവ ളോടു അപഹരിക്കയില്ല" (വാക്യം 41, 42).

ബൈബിളിലെ സംഭാഷണങ്ങൾ കേൾക്കുമ്പോൾ ടേപ്പ് ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെ ഉപയോഗിച്ച ശബ്ദം കേൾക്കുകയുമാകാം. എങ്ങനെയായാലും യേശു മാർത്തയോടു പറഞ്ഞ ശബ്ദത്തെ ക്കുറിച്ചു നമുക്കു സങ്കൽപ്പിക്കേണ്ടകാര്യമില്ല. ''യേശു മാർത്തയെ *സ്നേഹിച്ചിരുന്നു*" (എംഫസിസ് മൈൻ) എന്ന് യോഹന്നാൻ 11:5 വെളിപ്പെടുത്തുന്നു. യേശുവിന്റെ ശാസന കഠിനമോ ക്രൂരമോ ആയി ശബ്ദത്തിൽ കാണുക അസാദ്ധ്യമാണ്. പ്രസ്താവന ഒരു തരത്തിൽ നെറ്റി ചുളുക്കി തലയാട്ടി കൊണ്ടായേക്കാം; "ഓ, മാർത്തേ ..., മാർത്തേ ..." യേശുവിന്റെ വാക്കുകളിൽ നിരാശയുണ്ടായിരുന്നു - പക്ഷെ സ്നേ ഹവും ഉണ്ടായിരുന്നു.

"മാർത്തേ, മാർത്തേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു.'' മറ്റൊരു തർജ്ജിമ പറയുന്നതു: ''നീ പലതിനെകുറിച്ചു തിരക്കിട്ടു അലട്ടിക്കൊണ്ടിരിക്കുന്നു." "വിചാ രപ്പെടുക," "അലട്ടുക" എന്നതു തർജ്ജിമ ചെയ്തിരിക്കുന്നത് ഗ്രീക്ക് മൂലഭാഷയിലെ വാക്കിന്റെ അർത്ഥം - "തകർന്നു പോകൽ" എന്നാണ്. "മാർത്ത തകർന്നു പോകുവാനിരിക്കുന്നു''[13] എല്ലാം അവൾ തന്നെ ചെയ്യണമല്ലോ എന്നവൾ *വിചാരിച്ചു*! അവളുടെ ഉള്ളിൽ കീറൽ സംഭവിച്ചു. അതു അവളുടെ പുറമെ ദൃശ്യമായി. തന്റെ

ചുറ്റുമുള്ളവർക്കു വേണ്ടി അവൾ തന്റെ ജീവിതം ദുസഹമാക്കി!

യേശു തുടർന്നു, "അല്പമേ വേണ്ടു, അല്ല, ഒന്നുമതി" ചില വിവരണക്കാർ വിചാരിക്കുന്നതു, ഒന്നു മതി എന്നതിന്റെ അർത്ഥം ഒരു പ്ലെയിറ്റ് *ഭക്ഷണം* മതി എന്നാണ്. യേശു ആഹാരത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്നു ഞാൻ കരുതുന്നില്ല. എന്നാൽ നിസ്സാരമായ ഭക്ഷണത്തിൽ എല്ലാവരും തൃപ്തരാകയും മാർത്ത അതിൽ സന്തോഷിക്കുകയും ചെയ്യുമായിരുന്നു!

ഒന്നു "മതി" എന്നു യേശു തിരിച്ചറിഞ്ഞതു തന്റെ അടുത്ത വാക്കുകളിൽ ഉണ്ട്. "മറിയ നല്ല അംശം തിരഞ്ഞെടുത്തു; അതു ആരും അവളിൽ നിന്നു എടുത്തുകളയുകയില്ല" മറിയ ആത്മീയമായതു തിരഞ്ഞെടുത്തു, മറിയ തിരഞ്ഞെടുത്തതു നിത്യമായതാണ്. യേശുവിനെ ശ്രദ്ധിക്കുക എന്നതായിരുന്നു മറിയ തിരഞ്ഞെടുത്തത്. ഭൗതികമായആഹാരത്തേക്കാൾആത്മീകമായ ആഹാരത്തെക്കുറിച്ചാണ് അവൾ കരുതിയത്.

നമ്മുടെ അനേക ദിവസങ്ങൾ മോശമായി തീരുന്നതിന്റെ കാരണം "നിരവധി കാര്യങ്ങളെക്കുറിച്ചു നാം വിരചാരപ്പെടുന്നതു കൊണ്ടാണ്." ശരിയായ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനു പകരം, ചിന്തിക്കുന്നതു, ഇന്നത്തെ കാര്യങ്ങളാണ്. അതു നാളെ – ഇല്ലാതാകും. ഇന്നു – വിചാരപ്പെടുന്ന കാര്യം പത്തു വർഷങ്ങൾക്കു ശേഷവും, ആരും വിചാരപ്പെടുകയില്ല. ചിലപ്പോൾ നില നില്ക്കുന്ന കാര്യങ്ങളെക്കുറിച്ചു; ദൈവം അർത്ഥമാക്കിയ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാതെ നിലനിൽക്കാത്തകാര്യങ്ങളെക്കുറിച്ചുവ്യാകുലപ്പെട്ടു നിലനില്ക്കുന്നതിനെ നഷ്ടമാക്കും!

ഈ വേദഭാഗം ഞാൻ പഠിച്ചപ്പോൾ എനിക്കു ഒരു അപ്പനും അപ്പൂപ്പനും എന്ന നിലയിൽ ഇതു പ്രായോഗികമാക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്റെ മക്കളേയും, കൊച്ചുമക്കളേയും വിട്ടു പോകുന്ന തിനെക്കുറിച്ചായിരുന്നു? ഞാൻ വിചാരപ്പെട്ടത്. കഴിഞ്ഞുപോകുന്ന *കാര്യങ്ങളെ* – അവർക്കു വിട്ടുകൊടുത്തിട്ടു പോകേണ്ട രീതിയിൽ തിരക്കുള്ളവനായിതീരുവാൻ എന്റെ ജീവിതത്തിൽ സാദ്ധ്യതയില്ലേ? അവർക്കു ആവശ്യമുള്ള ആ *ഒന്നിനു* വേണ്ടി ദൈവവചനത്തോടുള്ള സ്നേഹം:ഞാൻ സമയം ചെലവിടാതിരിക്കാൻ സാദ്ധ്യതയില്ലേ?[14]

യേശു മാർത്തയെ ശാസിച്ചതു ആ ദിനം അവൾക്കു മോശ മായിത്തീർന്നു. ഫലത്തിൽ യേശു അവളോട് പറഞ്ഞു, "നിനക്കു ആഹാരം പാചകം ചെയ്യുന്നതിനു ഏതു സമയത്തും ആകാമല്ലൊ. പക്ഷേ ഞാൻ ഇവിടെ കുറച്ചു സമയം മാത്രമല്ലേയുള്ളൂ" – എന്നാണ്. "ഈ അവസരം നഷ്ടപ്പെടുത്താതിരിക്കുക." നമുക്കു എല്ലാവർ ക്കും ഈ പാഠം ആവശ്യമാണ്. നമ്മുടെ മുൻഗണനകൾ എത്ര എളുപ്പത്തിലാണ് സമ്മിശ്രമായി പോകുന്നത്!

അതേസമയം, യേശുവിന്റെ വാക്കുകൾക്കു മാർത്ത ശരിയായി പ്രതികരിച്ചെങ്കിൽ തീർച്ചയായും അവൾക്കു ആ ദിവസം നന്നാകുമായിരുന്നു. ശേഷിച്ച ആ ദിവസം ഞാൻ ഇങ്ങനെയാണ് കാണുന്നത്: ആരംഭത്തിൽ അതിയായ കഷ്ടമുള്ള അന്തരീക്ഷം മാർത്ത ആഹാരം തയ്യാറാക്കി വിളമ്പി. യേശു അവൾ ഉണ്ടാക്കിയ ഭക്ഷണത്തെ അനുമോദിച്ചു പ്രശംസിക്കുമായിരുന്നു. മാർത്ത യേശു പറഞ്ഞ വാക്കുകളെ ശാന്തമായി ചിന്തിച്ച് അവളുടെ ഹൃദയ ത്തിലേക്കിറക്കി.

ആ ദിവസം ശേഷിച്ച സമയം അങ്ങനെ ആകാൻ കാരണം മാർത്തയിലുണ്ടായ മാറ്റമായി ഞാൻ കാണുന്നു. മാർത്തയുടെ അടുത്ത സേവനം നാം കാണുന്നതു യോഹന്നാൻ 12–ാം അദ്ധ്യായത്തിലാണ്. ആ സമയത്തു മാർത്തക്കു വലിയ പുരുഷാരത്തിനു ഒരുക്കേണ്ടിയിരുന്നു. കൂടാതെ ആ സന്ദർഭത്തിലും മറിയ മാർ ത്തയെ സഹായിക്കുന്നതിനുണ്ടായിരുന്നില്ല – പക്ഷേ മാർത്ത പരാതിപ്പെട്ടില്ല. വാസ്തവത്തിൽ മറിയ വിലകൂടിയ അഭിഷേകതൈലംകൊണ്ടു വന്നിട്ടും പരാതിപ്പെട്ടില്ല – കുടുംബനിധി – ഒരുപക്ഷേ കുടുംബത്തിന്റെ സമ്പാദ്യമാകാം – അതു യേശുവിന്റെ കാൽകഴുകുന്നതിനുവേണ്ടി ഉപയോഗിച്ചു! പല ആഴ്ച കൾക്കുമുൻപു "മോശമായ ദിവസത്തിൽ" വേണ്ടതായ *ഒരു* കാര്യം എന്തെന്നു അവൾ പഠിച്ചു!

നല്ലതും എടുത്തു കളയാത്തതുമായ ഒന്നു മോശമായതു സംഭവിക്കുന്നതിൽ നിന്നു നാം പഠിക്കുകയാണെങ്കിൽമോശമായ ദിവസംനല്ല ദിവസമായി മാറും.

മാർത്തക്കു മോശമായ ദിനത്തിൽ നിന്നു പ്രയോജനം സിദ്ധിച്ചു. ബൈബിൾ ഫോട്ടോ ആൽബത്തിലെ കുറച്ചു പേജുകൾ മറിച്ചാൽ, മാർത്തയുടെ രണ്ടാമത്തെ ഫോട്ടോ കാണിക്കാതെ ഈ പഠനം നിർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമുക്കു മാർത്തയുടെ *നല്ല* ദിവസം കാണുവാൻ യോഹന്നാൻ 11–ാം അദ്ധ്യായത്തിലേക്കു കടക്കാം.

ലാസർ മരിച്ചശേഷം യേശു ബേഥാന്യയിൽ ചെന്നപ്പോൾ മാർത്ത അവനോടു പറഞ്ഞു, "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു. ഇപ്പോഴും നീ ദൈവത്തോടു എന്തപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു" (യോഹന്നാൻ 11:21, 22). അതു വിശ്വാസത്തിന്റെ ഭയങ്കര പ്രകടനമല്ലേ? വീണ്ടും 27–ാം വാക്യത്തിലെ അവളുടെ വാക്കുകൾ ശ്രദ്ധിക്കുക. ''ഉവ്വു കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു'' ''ഞാൻ വിശ്വസിച്ചിരിക്കുന്നു'' എന്നതു പൂർണ്ണകാലമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അതു സൂചിപ്പിക്കുന്നതു, മുൻപു അവൾക്കു വിശ്വാസമുണ്ടായിരുന്നു.

ഇപ്പോൾ ആ വിശ്വാസം ഹൃദയത്തിൽ ഉറപ്പുള്ള ഒന്നായി. പിന്നീട് യോഹന്നാൻ എഴുതി, "ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന തല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു." എന്നാൽ *യേശു ദൈവപുത്രനായ ക്രിസ്തു* എന്നു വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും, ഇതു എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:30, 31; എംഫസിസ് മൈൻ). മാർത്ത യേശുവിനെ പറ്റി പറഞ്ഞ പ്രയോഗങ്ങൾ തന്നെയാണ് യോഹന്നാൻ ഉപയോഗിച്ചത്. എനിക്കും നിങ്ങൾക്കും ഉണ്ടാകേണ്ട വിശ്വാസത്തെ ചിത്രീകരി ക്കുവാൻ യോഹന്നാൻ മാർത്തയെ ഉപയോഗിച്ചു!

മോശമായ ദിനത്തിൽ നിന്നു നാം പഠിക്കുകയാണെങ്കിൽ അതു നല്ല ദിവസമായിത്തീരും. തൽഫലമായി നാം ശക്തിപ്പെടുകയും ചെയ്യും! കാര്യം അങ്ങനെയാണെങ്കിൽ നമുക്കു മോശമായ ദിവസത്തെ നോക്കി പറയാം, "ദൈവം ആ ദിവസങ്ങളെ ഉപയോഗിച്ചിരിക്കുന്നതു, എന്നെ പഠിപ്പിക്കുവാനും പണിയുവാനുമാണ്!" യേശു *കരുതുന്ന*വനാണെന്നു നമുക്കറിയാം

**നമുക്കു മോശമായ ദിവസങ്ങൾ ഉള്ളപ്പോൾ**

മോശമായ ദിവസങ്ങൾ വരുമ്പോൾ നാം എന്തു പാഠങ്ങ ളാണ് പഠിക്കുന്നതു? ഇതാ ചിലത്:

**എല്ലാവർക്കും ഇപ്പോഴും പിന്നെയും മോശമായ ദിനം ഉണ്ട്**

ബൈബിളിലെ വിശ്വസ്തരായ സ്ത്രീ പുരുഷന്മാർക്കു ചില പ്പോൾ മോശമായ ദിനം ഉണ്ടായിട്ടുണ്ട്. ഏലിയാവിന്നു മോശമായ ദിവസങ്ങൾ ഉണ്ടായിരുന്നു. തിന്മയുടെ ശക്തികൾക്കെതിരായി ഒറ്റ ക്കു ധൈര്യസമേതം അവൻ നിന്നു. ഒരു ദിവസം ഏലിയാവിനു ഒരു ഗുഹയിൽ പതുങ്ങി കിടക്കേണ്ടി വന്നു. മരിച്ചിരുന്നെങ്കിൽ എന്നു കരുതി പോയി (1 രാജാക്കന്മാർ 19). മറ്റൊരു പ്രവാചകനായി രുന്ന യിരെമ്യാവിനു നിരവധി മോശമായ ദിവസങ്ങൾ ഉണ്ടായിട്ടുണ്ട്.

യോഹന്നാൻ സ്നാപകന്നു ഒരു ദിവസം മോശമായിരുന്നു. അവനെ തടവിലടച്ചപ്പോൾ അവൻ തന്റെ ശിഷ്യന്മാരെ അയച്ചു യേശുവിനോടു "വരുവാനുള്ളവൻ നീയോ? അല്ല, ഞങ്ങൾ മറ്റൊരു ആളെ കാത്തിരിക്കേണമോ?" എന്നു ചോദിച്ചു (ലൂക്കൊസ് 7:20). ഈ യോഹന്നാൻ യേശുവിനെകണ്ടിട്ടുപറഞ്ഞ *ശേഷം*. "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് (യോഹന്നാൻ 1:29, 36). അതൊരു ഇരുട്ടുള്ള തണുത്ത, മ്ലാനമായതും ഏകാന്തമായതുമായ തടവായിരുന്നു - യോഹന്നാനു മോശമായ ദിനമായിരുന്നു അത്.

**നമ്മുടെ മോശമായ ദിവസങ്ങൾ നമുക്കു മറ്റുള്ളവരെ കുറ്റപ്പെടുത്തുവാനുള്ള പ്രവണത വരുമ്പോൾ സൂക്ഷിക്കുക**

മാർത്ത അവളുടെ മോശമായ ദിവസത്തിൽ മറിയയെ കുറ്റപ്പെടുത്തി. നാം എല്ലാം പ്രതിരോധിക്കേണ്ട മാനുഷിക പ്രവണത യാണ് മറ്റുള്ളവരെ കുറ്റപ്പെടുത്തുക എന്നത്. നമുക്കു മോശമായ ദിനം ഉണ്ടാകുമ്പോൾ അതു സാധാരണ മോശമായ കാര്യങ്ങൾ സംഭവിച്ചതു കൊണ്ടു ആകണമെന്നില്ല നാം അതിനെ *പ്രതികരിച്ച* രീതിയാണ് അങ്ങനെയായത്.

**നമുക്കു സംഭവിക്കുന്നതിനോടുള്ള നമ്മുടെ പ്രതികരണത്തിന്റെ *അനന്തരഫല*മുണ്ടെന്ന് നാം തിരിച്ചറിയണം**

മാർത്ത യേശുവിനോടു പൊട്ടിത്തെറിക്കുകയായിരുന്നു. അതിന്റെ ഫലമായി യേശു അവളെ ശാസിച്ചു. നാം നിഷേധമായി പ്രതികരിക്കുമ്പോൾ മോശമായി കാര്യങ്ങൾ നീങ്ങുന്നു. ഒരു മോശ മായ ദിനം വഷളായിത്തീരുന്നു.

**മോശമായ ദിനം നമ്മുടെ ജീവിതത്തിൽ - അവസാന വാക്കല്ല എന്ന വസ്തുതയാൽ നാം അങ്ങനെ ആകുന്നില്ലെങ്കിൽ നമുക്ക് ആശ്വാസംകണ്ടെത്താം**

മാർത്ത അവളുടെ മോശമായ ദിവസം, അവളുടെ ജീവിത ത്തിലെ അവസാന വാക്കാകുവാൻ അനുവദിച്ചില്ല. അതുകൊണ്ട് മാർത്തയെകുറിച്ച് നല്ലൊരു ചിത്രം നമുക്ക് യോഹന്നാൻ 11-ലും 12-ലും കാണാൻ കഴിഞ്ഞു. അല്ലെങ്കിൽ നമ്മുടെ മോശമായ ദിവസം ജീവിതാവസാനമാകുവാൻ നാം അനുവദിക്കുമോ?

**മോശമായ ദിവസങ്ങളിൽ നിന്ന് ജീവിതത്തിന് പ്രാധാന്യമുള്ളതെന്തെന്ന് പഠിക്കുവാൻ തിരുമാനിക്കുക**

നിങ്ങൾക്ക് മോശമായ ദിവസം ഉണ്ടാകുമ്പോൾ ഒന്നു നിന്നു ചോദിക്കുക. ''ഇന്ന് മോശമായ ദിനം ആയതെന്താണ്? എന്റെ സന്തോഷം നശിപ്പിക്കുന്നതെന്താണ്? എനിക്കുചുറ്റുമുള്ള വർക്ക് കുഴപ്പമുണ്ടാകുവാൻ എന്താണ് ഇന്ന് കാരണമായത്? ഒരിക്കൽ കാരണം വെളിപ്പെട്ടാൽ തന്നോടു തന്നെ ചോദിക്കുക?" "ഇത് അത്ര പ്രാധാന്യമുള്ള കാര്യമാണോ?" നമുക്കു സംഭവിക്കുന്നതിൽ നിന്നു നമുക്കു പഠിക്കാൻ കഴിഞ്ഞാൽ പിന്നെ മോശ മായ ദിവസങ്ങൾ നല്ല ദിവസങ്ങളായിത്തീരും.

## ഉപസംഹാരം

എല്ലാവർക്കും ഒരു മോശമായ ദിവസം ഇപ്പോഴും പിന്നെയും *ഉണ്ടാകും* ... എന്നാൽ നിങ്ങൾ മാർത്തയുടെ കഥയിൽ നിന്നു പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ ആദ്യം വെയ്ക്കാൻ തയ്യാറായാൽ ഈ ദിവസം നിങ്ങളുടെ ജീവിതത്തിൽ നല്ല ദിവസമായി തീരും. ഒന്നേ വേണ്ടൂ; ആ ഒരു കാര്യം ആരും നിങ്ങളിൽ നിന്ന് എടുത്തു കളയുകയില്ല - അതു നിങ്ങളുടെ കർത്താവിനോടുള്ള സമർപ്പ ണമാണ്. ഇതുപോലെ ഏതു തരത്തിലുള്ള ദിവസമാണ് നിങ്ങൾക്കു ണ്ടായത് എന്ന് എനിക്കറിഞ്ഞു കൂടാ; എന്നാൽ നിങ്ങൾക്ക് അതു നല്ല ദിവസമായി മാറ്റാം; വലിയ ദിവസമായി മാറ്റാം, യേശുവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നതിനു കേട്ടു പഠിക്കുക![15]

---

കുറിപ്പുകൾ

[1]വീട് അലങ്കോലപ്പെട്ടു കിടക്കുമ്പോൾ ആരെങ്കിലും പെട്ടെന്നു “വന്നാൽ” “എന്റെ വീട് എപ്പോഴും ഇങ്ങനെ ആയിരിക്കില്ല” എന്നു പറയുന്ന ഉദാഹരണം മിക്കവാറും സ്ത്രീകൾക്കു പരിചിതമാണ്. “നിങ്ങൾ വന്നത് മോശമായ ഒരു സമയത്താണ്” [2]പിന്നീട് ബേഥാന്യയിൽ ഒരു വിരുന്നിനു യേശുവിനെ ക്ഷണിച്ചപ്പോൾ ആ സംഭവത്തിൽ ശിഷ്യ ന്മാരെക്കുറിച്ച് ആദ്യം പറയുന്നില്ല (യോഹന്നാൻ 12:1, 2). എങ്കിലും യേശുവിന്റെ ശിഷ്യ ന്മാരും അവിടെ ഉണ്ടായിരുന്നു (യോഹന്നാൻ 12:4; മത്തായി 26:8). [3]യേശുവും, മാർത്തയും മറിയയും ലാസറും ശിഷ്യന്മാരും ഒരുമിച്ചു ഭക്ഷണം കഴിക്കയായിരുന്നേ ക്കാം. [4]കിം ജെയിംസ് വെർഷൻ അക്ഷരികമായി സന്ദർഭത്തെ നല്കുന്നുണ്ട്. [5]“ഒരുക്ക ങ്ങൾ” എന്നതിൽ ആഹാരം പാചകം ചെയ്യൽ മാത്രമല്ല, മേശയും കസേരകളും ഇടേ ണ്ടതും (യേശുവിന്നരികിൽ ആർ ഇരിക്കേണം എന്നു തുടങ്ങിയവയും) ഉൾപ്പെടുന്നു. [6]അക്കാലത്തു വീടുകൾക്കുള്ളിലെ മുറികൾക്കു വാതിലുകൾ ഉണ്ടായിരുന്നില്ല. വാതിൽ ഉണ്ടായിരുന്നെങ്കിൽ പോലും യേശുവും മറിയയും ഇരുന്ന മുറിയും മാർത്തയുടെ മുറിയും തുറന്നു തന്നെ കിടക്കുമായിരുന്നു. [7]ഞാൻ ഇതു പ്രസംഗത്തിൽ ഉപയോഗി ക്കുമ്പോൾ അല്പം നർമ്മം കലർത്താറുണ്ട്. “ഇതു നമുക്കു സംഭവിക്കാറില്ല അല്ലേ? ... ഞാൻ പ്രസംഗിക്കുമ്പോൾ ഞാൻ ഉപയോഗിക്കുന്ന എല്ലാ വാക്കുകളിലും ശ്രദ്ധിച്ചു കൊണ്ടിരിക്കും ... നിങ്ങളുടെ ചിന്ത, ആ പ്രശ്നത്തിലേക്കും, മറ്റേ പ്രശ്നത്തിലേക്കും ഒരിക്കലും ... പോകാറില്ല അല്ലേ? അല്ലെങ്കിൽ ഉച്ചക്ക് ഭക്ഷണത്തിന്നു എന്തായിരിക്കും ...” [8]എന്റെ വ്യക്തിപരമായ സമ്മർദ്ദങ്ങളുടെ ഉറവിടം ഇതാണ്. [9]മാർത്തയെ തിരിച്ചറിഞ്ഞു അതുപോലെയാണ് മിക്കവാറും സ്ത്രീകൾ, അവർ പറയും, “നിങ്ങൾ പുരുഷന്മാർക്കു ഇതൊന്നും പറഞ്ഞാൽ മനസിലാകുകയില്ല. നിങ്ങൾക്കു അതിനു കഴിയുമോ എന്നു ചെയ്തുനോക്കിയാലേ പറയാൻ പറ്റൂ ...!” [10]ഒറ്റ മുറിയുള്ള വീട്ടിലാണ് ഇതെല്ലാം സംഭ വിക്കുന്നതെങ്കിൽ (അങ്ങനെ ആയിരിക്കാനാണ് കൂടുതലും സാദ്ധ്യത) മാർത്ത എന്തു ബഹളം ഉണ്ടാക്കികാണും!

[11]എന്റെ പ്രസംഗത്തിൽ ഞാൻ പറയാറുള്ള മറ്റൊരു നർമ്മ രസം, “നിങ്ങളുടെ ബന്ധു ക്കളല്ല, പക്ഷേ അവന്റെ”. [12]“യേശു കരുതുമോ?” എന്ന നല്ല പാട്ട് ഈ പാഠത്തിന്റെ മുൻപോ, പിൻ പോ പാടാവുന്നതാണ്. [13]“നുറുങ്ങിയില്ലാതായി” എന്നതു ഒരു സാധാ രണ ചൊല്ലാണ്. അതു തീവ്രദുഃഖത്തെ കാണിക്കുന്നതാണ്. [14]ധാരാളം പ്രായോഗികത

കൾ നമുക്കെടുക്കാൻ കഴിയും. നാമെല്ലാം മാർത്തയെപോലെ ചില അവസരങ്ങളിൽ അപ്രധാന കാര്യങ്ങളിൽ ഉൽക്കണ്ഠ കാണിക്കുകയും പ്രധാനകാര്യം ഉപേക്ഷിക്കുകയും ചെയ്യും. നിങ്ങൾക്കു നിങ്ങളുടെ ശ്രോതാക്കൾക്കു ഏറ്റവും ഉചിതമായി ഇതു പ്രായോഗികമാക്കുക. [15]"ക്ഷണത്തിൽ നിങ്ങൾക്കു കാണാൻ കഴിയും" "സ്നാനമേല്ക്കുവാൻ ഇന്നാണ് നല്ല ദിവസം ... അല്ലെങ്കിൽ യഥാസ്ഥാനപ്പെടുവാൻ."

---

**മാർത്തയോ മറിയയോ: ജോലിയോ ആരാധനയോ?**

(മാർത്ത) ജോലിയുടേയും (മറിയ) ആരാധനയുടെയും മദ്ധ്യേ തിരഞ്ഞെടുക്കേണ്ട ആവശ്യമില്ല. ഓരോന്നിനും അതിന്റേതായ സമയവും സ്ഥലവും ഉണ്ട്. ചാൾസ് വെസ്‌ലിയുടെ ഒരു പാട്ടിന്റെ ഈ വരികൾ ഉൾക്കൊള്ളുന്നു.

> എന്റെ കർത്താവിന്റെ കല്പനകളിൽ വിശ്വസ്തതയോടെ
> എന്റെ നല്ല ഭാഗം ഞാൻ തിരഞ്ഞെടുക്കുകയും;
> മാർത്തയുടെ കൈകൾ പോലെ ശ്രദ്ധയോടെ സേവിക്കും
> മറിയയുടെ ഹൃദയംപോലെ സ്നേഹിക്കും.

യേശുവിനെ ശ്രദ്ധിക്കാമായിരുന്നപ്പോൾ മാർത്ത ആഹാരം പാചകം ചെയ്യുകയായിരുന്നു. ഇതേ രീതിയിൽ ഒരു സംഭവം ദക്ഷി ണ ഓക്‌ലഹോമിൽ ഒരു ഇടവകയുടെ യോഗത്തിൽ ക്ലെയോൺ ലൈൽസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായി. രാവിലെ യുള്ള ആരാധനയിൽ ബ്രദർ ലൈൽസ് പ്രസംഗിച്ചുകൊണ്ടിരിക്കു കയായിരുന്നു. എല്ലാവരും ക്ലിക്ക്, ക്ലിക്ക്, ക്ലിക്ക്, എന്ന ശബ്ദം കേട്ടു. ഒരു സ്ത്രീ ചുവന്നു മിന്നുന്ന വസ്ത്രം ധരിച്ചു ചുവന്ന ഉപ്പൂറ്റി ഉയർന്ന ഷൂസും ധരിച്ചു ഓടു പാകിയ ഇടവഴിയിവൂടെ നട ന്നു വന്നു. പ്രാദേശിക ഉപദേഷ്ടാവിന്റെ പിന്നിൽ വന്നിരുന്ന് "ശ് ... ശ്... ശ് ..." എന്നു പറഞ്ഞു ഉപദേഷാടാവിന്റെ ശ്രദ്ധ പിടിക്കാൻ ശ്രമിച്ചു. അദ്ദേഹം അവളെ കണ്ടില്ലെന്നു നടിച്ചിരുന്നു. അവസാനം അവൾ എഴുന്നേറ്റു നിന്നു കൈകൾ ഉയർത്തി ക്ലെയോണിന്റെ പ്രസംഗം നിർത്തി, സദസ്സിനോടു തിരിഞ്ഞു പറഞ്ഞു "ഞാൻ ഇന്നു ബ്രദർ ലൈൽസിക്ക് ഉച്ചക്കു ആഹാരം ഉണ്ടാക്കുകയാണ്. മറ്റുള്ള ഉപദേ ഷ്ടാക്കന്മാരേയും ക്ഷണിക്കുന്നു." എന്നിട്ട് അവൾ ക്ലിക്ക്, ക്ലിക്ക്, ക്ലിക്ക് എന്ന ശബ്ദം ഉണ്ടാക്കി കെട്ടിടത്തിനു പുറത്തേക്കു പോയി അവൾ തന്റെ ഒരുക്കം തുടർന്നു. ക്ലെയോൺ മറ്റൊന്നും പറയാതെ തന്റെ പ്രസംഗം തുടർന്നു. ആ സഹോദരി "നല്ല അംശം" നഷ്ടമാക്കി. അതു ആരും അവളിൽ നിന്നു എടുത്തു കളയുമായിരുന്നില്ല.